KERALA UNIVERSITY OF FISHERIES AND OCEAN STUDIES

കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല

0484- 2703782, Fax: 91-484-2700337; e-mail: utypanangad@kufos.ac.in , registrar@kufos.ac.in website: www.kufos.ac.in

ജിഎ5/751/2024 പനങ്ങാട്, തീയതി :16.03.2024

## വിജ്ഞാപനം

### വോക്-ഇൻ-ഇന്റർവ്യൂ

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ സ്വീപ്പർ കം ക്ലാസ്സ് IV തസ്തികയിലേക്കു ദിവസവേതന വ്യവസ്ഥയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തുന്നതിലേക്ക് എംപാനൽ ലിസ്റ്റ് രൂപീകരിക്കാൻ 2024 ഏപ്രിൽ മാസം 05-ാം തീയതി രാവിലെ 10.00 ന് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ പനങ്ങാട് ആസ്ഥാന മന്ദിരത്തിൽ വെച്ച് വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. താഴെപറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് മേൽ തീയതിയിൽ നടക്കുന്ന വോക്-ഇൻ-ഇന്റർവ്യൂയിൽ പങ്കെടുക്കാവുന്നതാണ്.

1. ഉദ്യോഗപ്പേര്: സ്വീപ്പർ കം ക്ലാസ്സ് IV (ദിവസവേതന അടിസ്ഥാനത്തിൽ)
2. ഒഴിവ്: പ്രതീക്ഷിത ഒഴിവുകൾ
3. ശമ്പളം: 675/- രൂപ നിരക്കിൽ, പ്രതിമാസ പരമാവധി വേതന നിരക്ക് 18,225/-രൂപ
4. നിയമനരീതി: താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ
5. പ്രായം: കുറഞ്ഞ പ്രായപരിധി 18 കൂടിയ പ്രായ പരിധി 50
6. യോഗ്യതകൾ: എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് (7-ാം ക്ലാസ്സ് പാസ്സായിരിക്കണം), ബിരുദധാരികൾക്ക് അപേക്ഷിക്കാനാകില്ല.

7. യോഗ്യതകൾ മേൽപറഞ്ഞ പ്രകാരം അല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം ജോലിയിൽ തുടരാൻ അനുവദിക്കുന്നതല്ല.

8. അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ കുറയാത്ത മെഡി ക്കൽ ആഫീസർമാർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വോക്- ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കുമ്പോൾ ഹാജരാക്കേണ്ടതാണ്.

വോക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന നിശ്ചിത അപേക്ഷാ ഫോറം ഡൗൺലോഡ്ചെയ്ത് പൂരിപ്പിച്ച് പ്രസ്തുത അപേക്ഷയോടൊപ്പം മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പ്രായം, വിദ്യാഭ്യാസം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉൾപ്പെടുത്തി 2024 ഏപ്രിൽ മാസം 05-ാം തീയതി രാവിലെ 10.00 ന് സർവ്വകലാശാല ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ ഹാജരാകേണ്ടതാണ്.

രജിസ്ട്രാർ i/c

പകർപ്പ്:1. നോട്ടീസ് ബോർഡ്

2. വെബ്സൈറ്റ് (പ്രസിദ്ധീകരണത്തിന്)

3. ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻ & പബ്ലിക്കേഷൻസ് (വാർത്ത പ്രസിദ്ധീകരണത്തിന്)